**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 472** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മോൻസ് ജോസഫ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് വേണ്ടി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്. പി. വി.) സമർപ്പിച്ച എസ്റ്റിമേറ്റിലെ പിഴവുകൾ കണ്ടെത്തി തിരുത്തുന്നതിനായി കിഫ്ബിയിൽ ഏത് തരത്തിലുള്ള പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും അവ പ്രായോഗികമായി എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കുറവിലങ്ങാട് താലൂക്ക് ആശുപത്രി ഉൾപ്പെടെ കിഫ്ബി അംഗീകാരം നൽകുന്ന വിവിധ പദ്ധതികളുടെ എസ്റ്റിമേറ്റ് പരിശോധിക്കുന്നതിന് അതത് പ്രവൃത്തികളുമായി ബന്ധപ്പെട്ട മേഖലയിൽ പ്രാവീണ്യം നേടിയിട്ടുള്ള കിഫ്ബിയിടെ വിവിധ ഉദ്യോഗസ്ഥ തലങ്ങളിൽ പരിശോധന നടത്തി വരുന്നുണ്ട്. പ്രവൃത്തിയിൽ ഉപയോഗിക്കുന്ന ഇനങ്ങളുടെ അളവ്, റേറ്റ്, നിർദ്ദിഷ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ, കെട്ടിടത്തിന്റെ വിശദാംശങ്ങൾ, നിർബന്ധമായും ഉൾപ്പെടുത്തേണ്ട മറ്റിനങ്ങൾ എന്നിവ എസ്റ്റിമേറ്റ് പരിശോധനയിൽ ഉൾപ്പെടുന്നുണ്ട്. ഇവ പരിശോധിക്കുന്നതിന് കിഫ്ബിയിൽ അപ്രൈസൽ, ടെക്നിക്കൽ, ഇ.എസ്.ജി, ഭൂമി ഏറ്റെടുക്കൽ, തുടങ്ങിയ സംവിധാനങ്ങളുണ്ട്. പദ്ധതിയുടെ സ്വഭാവം (നിർമ്മാണം, നവീകരണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയവ) അനുസരിച്ചായിരിക്കും ടി സംവിധാനങ്ങളുടെ പരിശോധന ആവശ്യമായി വരുന്നത്. കിഫ്ബി പദ്ധതികളുടെ ഗുണനിലവാരവും മാനദണ്ഡങ്ങളും ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ തീരുമാനങ്ങൾക്കും കിഫ്ബി ആക്റ്റ് അനുസരിച്ചും ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

**(ബി)** കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് അപ്രൈസൽ, ടെക്നിക്കൽ ഇൻസ്പെക്ഷൻ, ഇ. എസ്. ജി. എന്നീ വിഭാഗങ്ങൾ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ പ്രധാന നിരീക്ഷണങ്ങൾ എന്തൊക്കെയാണ്; അവ എസ്. പി. വി.-യെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് അപ്രൈസൽ വിഭാഗം നടത്തിയ പരിശോധനയിൽ കണ്ടെത്തിയ പ്രധാന നിരീക്ഷണങ്ങൾ അനുബന്ധം-1 & അനുബന്ധം-2 ആയി നൽകുന്നു. ഇവ 07-04-2021-ൽ ഫയൽ മുഖാന്തിരം എസ്.പി.വി-യെ അറിയിച്ചിട്ടുണ്ട്. 06.06.2024ന് എസ്.പി.വി-യിൽ നിന്നും ഇ-മെയിൽ വഴി കിഫ്ബിയുടെ ഇ.എസ്.ജി വിഭാഗത്തിൽ ലഭിച്ച റിപ്പോർട്ടുകളിൽമേലുള്ള നിരീക്ഷണങ്ങൾ 07.06.2024ൽ ഇ-മെയിൽ മുഖാന്തിരം എസ്.പി.വി-യെ അറിയിച്ചിട്ടുള്ളതാണ്. ഈ റിപോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗൃഹ (GRIHA) റേറ്റിംഗ് ലഭിക്കുന്നതിനാവശ്യമായ മാറ്റങ്ങൾ എസ്റ്റിമേറ്റിൽ

ഉൾപ്പെടുത്തി സമർപ്പിക്കാനാണ് ഇ.എസ്.ജി വിഭാഗം നിർദ്ദേശിച്ചത്. നിരീക്ഷണങ്ങൾ അടങ്ങിയ പ്രസ്തുത ഇ-മെയിൽ ച അനുബന്ധം-3 ആയി നൽകുന്നു. ഇതിനുള്ള മറുപടി എസ്.പി.വി ലഭ്യമാക്കിയിട്ടില്ല.

**(സി)** 04-09-2024-ന് എസ്. പി. വി.-യ്ക്ക് നൽകിയ പുതുക്കിയ ശിപാർശ സമർപ്പിക്കാനുള്ള നിർദ്ദേശം ഇതുവരെ പാലിക്കപ്പെടാത്തതിന്റെ കാരണം എന്താണ്; ഇതുസംബന്ധിച്ച് കിഫ്ബി പിന്നീട് ഓർമ്മപെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** 25-02-2025-ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ച ചേർത്ത യോഗത്തിൽ, കെ.എസ്.എച്ച്.ബി മുഖേന നടപ്പാക്കുന്ന കിഫ്ബി പദ്ധതികളിൽ കുറവിലങ്ങാട് താലൂക്ക് ആശുപത്രി പദ്ധതി ഉൾപ്പെടെ രണ്ട് പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം കണ്ടെത്തിയതിനാൽ, ഇതിനുള്ള കാരണം വ്യക്തമാക്കുന്നതിന് എസ്.പി.വി-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കെ.എസ്.എച്ച്.ബി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ വളരെയധികം കാലതാമസം ഉണ്ടായതിനാൽ, എസ്.പി.വി-യെ മാറ്റി പകരം മറ്റൊരു ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് ഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കെ.എസ്.എച്ച്.ബി മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് 17-05-2024-ൽ കിഫ്ബി സി.ഇ.ഒ-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, 2024 ജൂൺ മാസം പദ്ധതി ശിപാർശ പുതുക്കി സമർപ്പിക്കുമെന്ന് എസ്.പി.വി അറിയിച്ചിരുന്നു. തുടർന്ന് 28-06-2024-ൽ ചേർന്ന യോഗത്തിൽ ടി ശിപാർശ എത്രയും വേഗം സമർപ്പിക്കുന്നതാണെന്ന് എസ്.പി.വി അറിയിച്ചിരുന്നു. 30-07-2024-ലെ യോഗത്തിൽ 2024 ആഗസ്റ്റ് മാസം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. 10-12-2024-ൽ ചേർന്ന യോഗത്തിൽ എസ്.പി.വി-യെ മാറ്റുന്ന വിഷയം ചർച്ച ചെയ്യുകയും മറ്റൊരു ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് അഡീ.ചീഫ് സെക്രട്ടറിയോട് കിഫ്ബി ആവശ്യപ്പെടുകയും ചെയ്തിരുന്നു. 25-02-2025-ലെ യോഗതീരുമാനമനുസരിച്ച് ടി പദ്ധതിയിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് 26-07-2025-ൽ കിഫ്ബിയിൽ ചേർന്ന യോഗത്തിൽ കെ.എസ്.എച്ച്.ബി അറിയിക്കുകയുണ്ടായി. ആയതിനാൽ, ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർനടപടികൾ കെ.എസ്.എച്ച്.ബി-യ്ക്ക് സ്വീകരിക്കാവുന്നതാണ്.

**(ഡി)** കിഫ്ബിയുടെ 12-11-2024-ലെ കത്ത് പ്രകാരം കെ. എസ്. എച്ച്. ബി-യ്ക്ക് പകരം മറ്റൊരു നിർവ്വഹണ ഏജൻസിയെ നിയമിക്കണമെന്ന ശിപാർശ സർക്കാർ തലത്തിൽ പരിഗണിക്കുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം എന്താണ്; ഈ വിഷയത്തിൽ അന്തിമ തീരുമാനം എപ്പോൾ ഉണ്ടാവുമെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** 12-11-2024-ലെ കിഫ്ബിയുടെ കത്തിന്റെ അടിസ്ഥാനത്തിലുള്ള ഭരണ വകുപ്പ ഫയൽ നം.P1/227/2024/H&FWD നിലവിൽ സർക്കാരിന്റെ പരിശോധനയിലാണെന്നും വിശദമായ പരിശോധനയ്ക്കു ശേഷം അന്തിമ തീരുമാനം ഉണ്ടാകുമെന്നും ഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**